**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **10-02-2025 - ൽ മറുപടിയ്ക്ക്**

**റോഡ് ടൈൽ വിരിക്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിൽ ടൈൽ വിരിക്കാൻ ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതിനാൽ പല റോഡുകളുടെ പ്രവൃത്തിയും തുടങ്ങുന്നതിന് വളരെയധികം കാലതാമസം നേരിടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | **ആസ്തിവികസനപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകളുടെ നിർമ്മാണം അനുവദനീയമാണ് . എന്നാൽ, റോഡ് കോൺക്രീറ്റിംഗ്, റീ-ടാറിംഗ്, ഇന്റർലോക്കിംഗ് റ്റൈൽ പാകൽ എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല. ഇവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാർഗനിർദേശങ്ങൾ ഭേദഗതി വരുത്തുന്ന വിഷയം ധനവകുപ്പിന്റെ സജീവ പരിഗണനയിലാണ്.** |
| (ബി) | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഓരോ റോഡിനും പ്രത്യേകം പ്രത്യേകം അനുമതി നൽകുന്നതിന് പകരം ഒരു സാമ്പത്തിക വർഷം ടൈൽ വിരിക്കുന്നതിനുള്ള മൊത്തം റോഡുകളുടെയും എണ്ണം എടുത്ത് ഒരുമിച്ച് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | **ഒരോ സാമ്പത്തികവർഷവും നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലത്തിലെ റോഡുകളിൽ കോൺക്രീറ്റിങ്ങ്, ഇന്റർലോക്ക് ബ്രിക്ക് പാകൽ, റീ ടാറിംഗ് എന്നീ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു. എംഎൽഎ മാർ ശുപാർശ ചെയ്തു കൊണ്ടുള്ള കത്ത് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഓരോ സാമ്പത്തികവർഷവും ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലത്തിലെ റോഡുകളിൽ അർഹിക്കുന്നവയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ചാണ് നിലവിൽ ടൈൽ വിരിക്കുന്നതിനുള്ള അനുമതി നൽകി വരുന്നത്. ഒരു സാമ്പത്തിക വർഷം ടൈൽ വിരിക്കുന്നതിനുള്ള മൊത്തം റോഡുകളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊപ്പോസൽ ബഹു. എം.എൽ.എയ്ക്ക് പ്രത്യേക അനുമതിയ്ക്കായി സമർപ്പിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ